## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2848** **17.10.2016**-ൽ മറുപടിക്ക്

## ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, വി.പി.സജീന്ദ്രൻ<br>,, പി.ടി. തോമസ് | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊച്ചിയിലെ നിർദ്ദിഷ്ട കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (എ) | ഈ സ്ഥാപനം മൂന്നുഘട്ടങ്ങളിലായി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ കൊച്ചി മെഡിക്കൽ കോളേജ് ക്യാമ്പസ്സിലെ സൗകര്യങ്ങൾ പരമാവധി ഉപയോഗിച്ച് ഒ.പി. വിഭാഗം സജ്ജമാക്കാനും ക്യാമ്പസ്സിനോട് ചേർന്ന് 12.12 ഏക്കർ ഏറ്റെടുത്തു അവിടെ 188 കിടക്കകളുള്ള ആശുപത്രി രണ്ടാം ഘട്ടത്തിൽ നിർമ്മിക്കാനും വീണ്ടും 184 കിടക്കകൾ കൂടിച്ചേർത്ത മൂന്നാം ഘട്ടം പൂർത്തിയാക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഒന്നാംഘട്ടം പൂർത്തിയാക്കുന്നതിന്റെ ഭാഗമായുള്ള മരാമത്ത് പണികൾ അവസാന ഘട്ടത്തിലാണ്. ഒ.പി. വിഭാഗം പ്രവർത്തന ക്ഷമമാക്കുന്നതിനാവശ്യമായ ഉപകരണങ്ങളും മരുന്നുകളും KMSCL മുഖേന സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിക്കാവശ്യമായ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും സേവനം ലഭ്യമാക്കുന്ന വിഷയത്തിലും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷൻ തയ്യാറാക്കിയ പഠന റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചത്; പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (ബി) & (സി) | ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷൻ തയ്യാറാക്കിയ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. 2014 ആഗസ്റ്റിൽ ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷൻ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പുതിയ ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിന് 482 കോടി രൂപ ചിലവഴിച്ച് ഒറ്റഘട്ടമായി പദ്ധതി നടപ്പാക്കുന്നതിനായുള്ള പ്രോജക്റ്റ് റിപ്പോർട്ട് ആണ് 2014 ൽ ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷൻ (HSCCL) സമർപ്പിച്ചിരുന്നത്. എന്നാൽ DPR അപര്യാപ്തമായതിനാൽ RCC, MCC എന്നീ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികളുമായി |
| (സി) | എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്ക് ആവശ്യമായിട്ടുള്ളത്; കിഫ്ബിയിൽ നിന്ന് പദ്ധതിക്ക് പണം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ചർച്ച ചെയ്ത് അനുയോജ്യമായ DPR തയ്യാറാക്കാൻ Special Officer ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. DPR പരിശോധിച്ച് അത് KIIFB യുടെ മാനദണ്ഡങ്ങൾ പൂർത്തീകരിക്കുമെങ്കിൽ പ്രസ്തുത ഏജൻസിയ്ക്ക് സമർപ്പിക്കുന്നതാണ്. |
| (ഡി) | ക്യാൻസർ രോഗികൾക്ക് കുറഞ്ഞ ചെലവിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | കൊച്ചിൻ കാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ